IX. പ്രത്യേക പരാമർശം

മൂന്നാറിൽ മലയിടിച്ചിൽ

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ മൂന്നാർ മേഖലയിൽ ഇപ്പോഴും ഭീകരമായ മലയിടിച്ചിൽ നടക്കുന്നതായിട്ടാണ് റിപ്പോർട്ട് വന്നിട്ടുള്ളത്. മരിച്ച നാല് പേരുടെ ഡെഡ്ബോഡി അവിടെ നിന്നും കിട്ടിയിട്ടുണ്ട്. ഇനിയും നാലിൽക്കൂടുതൽ ആളുകൾ മണ്ണിനടിയിൽ ഉണ്ടെന്നോണ് പറയപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. എങ്കിൽപ്പോലും വളരെ ഭീകരമായ ഒരു ദുരന്തമാണ് മൂന്നാറിൽ ഉണ്ടായിരിക്കുന്നത്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും അറിവുണ്ടെങ്കിൽ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന ഒരു അവസരമെന്നുള്ള നിലയിൽ സഭയിൽ അക്കാര്യം വെളിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: സർ, മൂന്നാറിലെ സ്ഥിതി അൽപം മോശമാണ്. അടുത്ത സമയം വരെ നല്ല മഴയായിരുന്നു. മലയിടിഞ്ഞതുമൂലം മരണമടഞ്ഞ നാല് പേരുടെ മൃതദേഹങ്ങൾ കിട്ടി. നാല് പേരെങ്കിലും ഇനിയും മണ്ണിനടിയിൽ കാണുമെന്നു സംശയിക്കുകയാണ്. പോലീസും ഫയർഫോഴ്സും ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും അവരുടെയൊക്കെ കഴിവിനപ്പുറമാണ് കാര്യങ്ങൾ. മിലിട്ടറിയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ഉടനെ മൂവ് ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് നാല് മണിക്ക് എമർജൻസി കാബിനറ്റ് വച്ചിട്ടുണ്ട്. അവിടെ ഇപ്പോൾ ഉദ്യോഗസ്ഥരെല്ലാമുണ്ട്. ശ്രീ. എ. കെ. മണി എം. എൽ. എ. അവിടെയുണ്ട്. എല്ലാവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അടിയന്തിര നടപടികൾ സ്വീകരിക്കുന്നുണ്ട്.

നിയമനിർമ്മാണ കാര്യം (തുടർച്ച)

ശ്രീ. സി. ടി. അഹമ്മദ്അലി: (തുടർച്ച)—പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ആവശ്യമായ ഫണ്ട് നൽകണം. പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ജനന സർട്ടിഫിക്കറ്റുകൾ അതാതു ആശുപത്രികളിൽ വച്ചു തന്നെ നൽകാനുള്ള നടപടികൾ സ്വീകരിച്ചതുകൊണ്ട് വളരെയേറെ പ്രയാസങ്ങൾ ലഘൂകരിക്കാൻ കഴിഞ്ഞു. എല്ലാ നഗരസഭകളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചു. നമ്മുടെ ഗ്രാമസഭകൾ പലപ്പോഴും നല്ല ഉദ്ദേശത്തോടുകൂടിയാണ് നടത്തപ്പെടുന്നതെങ്കിലും പ്രാദേശിക വികസന കാര്യങ്ങളും ക്ഷേമപദ്ധതികളും അവിടെ ചർച്ച ചെയ്യപ്പെട്ട് തീരുമാനിക്കുമ്പോൾ, പലപ്പോഴും അവിടെ ചർച്ച ചെയ്തു മുൻഗണനാക്രമത്തിൽ തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പല പഞ്ചായത്തുകളും മുന്നോട്ടുവരുന്നില്ല. അതുകൊണ്ട് ഗ്രാമസഭകളിൽ ചർച്ചചെയ്ത് മുൻഗണനാക്രമത്തിൽ തീരുമാനിക്കുന്ന പദ്ധതികൾ നടപ്പാക്കാനാവശ്യമായ കർശന നിർദ്ദേശം അതാതു പഞ്ചായത്തുകൾക്കുകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെ പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly